നമ്പർ. സി.പി(2)51674/2006

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 21.11.2013

Email: keralarcs.coop@kerala.gov.in
website : www.cooperation.kerala.gov.in
Fax : 0471-2331513
Tel-0471-2330726

## സർക്കുലർ നമ്പർ. 73/13

വിഷയം : സഹകരണ വകുപ്പ് - സഹകരണ സംഘങ്ങൾ/ബാങ്കുകൾ -നിക്ഷേപത്തിൽ നിന്നും ജീവനക്കാർക്ക് ശമ്പളം നൽകുന്നത് തടഞ്ഞുകൊണ്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന : 1. സർക്കുലർ നമ്പർ. 28/96
2. ജില്ലാ ജോയിന്റ് രജിസ്ട്രാർമാരിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകൾ.
3. സർക്കാരിന്റെ 23.03.2013 ലെ 13334/സി.1/2011 സഹ നമ്പർ കത്ത്.

................

സംസ്ഥാനത്തെ ഏതാനും ചില സഹകരണസ്ഥാപനങ്ങളിൽ, പിരിഞ്ഞുകിട്ടുന്ന വായ്പ തുകയിൽ നിന്നും, പലിശയിൽ നിന്നും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ചെലവഴിക്കുന്നതിനെ നിരോധിക്കുന്നത് സംബന്ധിച്ച് സൂചന (1) പ്രകാരം നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ചില സഹകരണസ്ഥാപനങ്ങളിൽ ഇപ്പോഴും ടി ക്രമക്കേട് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില സഹകരണസ്ഥാപനങ്ങൾ പിരിഞ്ഞുകിട്ടുന്ന വായ്പാതുകയ്ക്കും പലിശതുകയ്ക്കും പുറമെ നിക്ഷേപമിനത്തിലുള്ള തുകയും ശമ്പളം നൽകാൻ ചിലവഴിക്കുന്നതായി കാണുന്നു. ഇത്തരം നടപടികൾ സഹകരണ മേഖലയുടെ മൊത്തത്തിലുള്ള വിശ്വാസ്യതയെ ബാധിക്കുന്നതും, അങ്ങേയറ്റം ഗുരുതരവുമാണ്. സംസ്ഥാനത്തിലെ സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ ഭാരവാഹികളുടെ വിശ്വാസ്യതകൂടി കണക്കിലെടുത്താണ് അംഗങ്ങൾ സംഘങ്ങളുമായി ഇടപാടുകൾ നടത്തുന്നത്. സംഘങ്ങൾക്ക് പിരിഞ്ഞുകിട്ടുന്ന വായ്പാതുകയും, പലിശയിൽ സംഘങ്ങൾ ക്ക് ലഭിക്കുന്ന മാർജിൻ കഴിച്ചുള്ള തുകയും, നിക്ഷേപവും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി ചെലവഴിക്കുന്നനടപടി യാതൊരു കാരണവശാലും അനുവദിക്കാൻ കഴിയില്ല. സഹകരണ സംഘം ഭരണസമിതികൾ ഇക്കാര്യം പരിശോധിക്കുകയും, തങ്ങളുടെ സ്ഥാപനത്തിൽ ഇപ്രകാരമുള്ള നടപടികൾ ഉണ്ടെങ്കിൽ ടി സംഘം മുതൽ സൂക്ഷിക്കാത്തതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഭരണ സമിതിയ്ക്കായതിനാൽ ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകുന്ന പക്ഷം കേരള സഹകരണ നിയമം 68-ാം വകുപ്പ് അടക്കമുള്ള നടപടികൾക്ക് സംഘം ഭരണസമിതി വിധേയരാകേണ്ടി വരും എന്നും ഓർമ്മപ്പെടുത്തുന്നു. സർക്കുലർ നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് യൂണിറ്റ് ഇൻസ്പെക്ടർമാരും, ആഡിറ്റർമാരും അടക്കം ബന്ധപ്പെട്ട എല്ലാ വകുപ്പ് ഉദ്യോഗസ്ഥരും പരിശോധിച്ച് ഉറപ്പാക്കേണ്ടതും, വീഴ്ചകൾ യഥാസമയം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ആവശ്യമാണെങ്കിൽ അത്തരം സംഘങ്ങളിൽ നിക്ഷേപം സ്വീകരിക്കുന്നത് തടയുന്നതുൾപ്പെടെയുള്ള ഉത്തരവ് ജോയിന്റ് രജിസ്ട്രാർമാർ പുറപ്പെടുവിക്കേണ്ടതുമാണ്.

ഒപ്പ്
കെ.വി.സുരേഷ് ബാബു
സഹകരണ സംഘം രജിസ്ട്രാറുടെ
ചുമതല വഹിക്കുന്ന
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

പകർപ്പ് : 1. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
2. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
(ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം)
4. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
(ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖാന്തിരം)
5. എഡിറ്റർ, സഹകരണ വീഥി, ജേർണൽ (പ്രസിദ്ധീകരണത്തിന്)
6. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും/സെക്ഷൻ സൂപ്രണ്ടുമാർക്കും
7. വെബ്സൈറ്റ്
8. സ്റ്റോക്ക് ഫയൽ
9 സ്പെയർ